# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5676** **24.05.2017 ൽ മറുപടി നല്കേണ്ടിയിരുന്നത്**

## ചൈൽഡ് വെൽഫെയർ കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അനൂപ് ജേക്കബ് :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഇപ്പോൾ നിലവിലുള്ള ചൈൽഡ് വെൽ ഫെയർ കമ്മിറ്റി ചെയർമാൻ അടക്കമുള്ള അംഗങ്ങൾ എത്ര വർഷമായി തുടരുന്നു ; | (എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 27/12/2011 മുതലും ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 06/02/2013 മുതലും വയനാട്, കോഴിക്കോട് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ 14/06/2013 മുതലും പ്രവർത്തിച്ചു വരുന്നു. സ.ഉ. (സാധാ) നം. 114/2017/സാ.നീ.വ പ്രകാരം വയനാട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ചെയർമാനേയും ഒരംഗത്തേയും തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തുകൊണ്ടും മറ്റു മൂന്നു അംഗങ്ങളെ അന്വേഷണം പൂർത്തിയാകുന്നതു വരെ മാറ്റി നിർത്തിക്കൊണ്ടും വയനാട് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചുമതല തൽക്കാലം കോഴിക്കോട് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. |
| (ബി) കമ്മിറ്റിയുടെ കാലാവധി എത്ര വർഷമാണ് എന്ന് വ്യക്തമാക്കുമോ ; | (ബി) മൂന്നു വർഷം |
| (സി) പുതിയ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെ ടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തി യാക്കിയിട്ടുണ്ടോ ; | (സി) ഇല്ല. പുതിയ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി കരട് ചട്ടം തയ്യാറാക്കി വരുന്നു. |
| (ഡി) ഉണ്ടെങ്കിൽ പുതിയ അംഗങ്ങൾ ചുതലയേൽ ക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (ഡി) |

| | | |
|---|---|---|
| (ഇ) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വിധി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ ; | (ഇ) ഉണ്ട്. 2015 ലെ പുതുക്കിയ ജെ.ജെ.ആക്ട് നിലവിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സെലക്ഷൻ കമ്മിറ്റി എറണാകുളം ജില്ലയിലെ ചെയർപേഴ്സണെയും മെമ്പർമാരേയും തെരഞ്ഞെടുക്കുന്നതിനായി നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട പാനലിൽ ഉൾപ്പെട്ട ഒരംഗം, ടിയാളെ എറണാകുളം സി.ഡബ്ല്യു.സി അംഗമായി നിയമിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു.കോടതി ടിയാൾക്കനുകൂലമായി വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | പുതിയ അംഗങ്ങളുടെ നിയമന നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എഫ്) നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ